## 10/03/2018 മഞ്ചേരി

മഞ്ചേരിയിൽ 10 കിലോ കഞ്ചാവ് സഹിതം മൂന്നു പേരെ അറസ്റ്റ് ചെയ്തു. പാലക്കാട് മുണ്ടൂര് നെച്ചിപ്പുള്ളി സ്വദേശികളായ മാടത്തൊടി പ്രതീഷ് (34), മാടത്തൊടി സുനിൽകുമാര് (29), കയ്യറ സന്ദീപ് (29) എന്നിവരെയാണ് മഞ്ചേരി പോലീസിന്റെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റു ചെയ്തത്. ജില്ലയിലെ വിവിധ സ്ഥലങ്ങളില് മൊത്തക്കച്ചവടത്തിനായി കഞ്ചാവ് കൊണ്ടു വരുന്നുവെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തില് പ്രത്യേക അന്വേഷണ സംഘം നടത്തിയ നീക്കത്തിലാണ് പ്രതികള് അറസ്റ്റിലാവുന്നത്. മണ്ണാർക്കാടു ഭാഗത്തു നിന്നും മഞ്ചേരിയിലേക്ക് രണ്ടു ബൈക്കുകളിലായി വരികയായിരുന്ന മൂവർ സംഘത്തെ പയ്യനാട് താമരശ്ശേരി കൂട്ടാലുങ്ങല് വളവുങ്ങലിൽ വെച്ചാണ് പിടികൂടിയത്. ഇവരെ ചോദ്യം ചെയ്തതില് ജില്ലയിലെ ചെറുകിട കഞ്ചാവ് കച്ചവടക്കാരെ സംബന്ധിച്ച് വിവരം ലഭിച്ചതായി പൊലീസ് പറഞ്ഞു. തമിഴ്നാട്ടിലെ തേനി, കമ്പം ഭാഗങ്ങളിൽ നിന്നും വൻതോതില് കഞ്ചാവ് ശേഖരിച്ച് ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്നതാണ് ഇവരുടെ രീതി. കഴിഞ്ഞ മാസം രണ്ടു കിലോ കഞ്ചാവുമായി അരീക്കോട് സ്വദേശിയെ പൊലീസ് പിടികൂടിയിരുന്നു. ഇയാളെ ചോദ്യം ചെയ്തതില് നിന്നുമാണ് മൂവര് സംഘത്തെ സംബന്ധിച്ചുള്ള വിവരം ലഭിച്ചത്. പിടിയിലായ പ്രതീഷിനെതിരെ ഹേമാംബിക നഗർ പൊലീസില് കൊലപാതകം, മങ്കര പൊലീസിൽ പോക്സോ, പാലക്കാട് സൗത്ത് പൊലീസില് വധശ്രമം, തമിഴ്നാട് ഉദുമൽപേട്ട പൊലീസിൽ വ്യാപാരിയെ അക്രമിച്ച് സ്വർണ്ണം കവർന്നത് എന്നിങ്ങനെ നിരവധി കേസുകൾ നിലവിലുണ്ട്. തമിഴ്നാട് ജയിലിൽ ശിക്ഷയനുഭവിച്ച സമയം പരിചയപ്പെട്ട കമ്പം സ്വദേശി വഴിയാണ് കഞ്ചാവ് കച്ചവടം ആരംഭിച്ചത്.